നീര ഉൽപ്പാദനം

105 (3736) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ നീര ഉൽപാദനത്തിനായുള്ള ലൈസൻസിന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത് ; ഏതെല്ലാം ഫെഡറേഷനുകളാണ് ലൈസൻസിന് അപേക്ഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) എക്സൈസിൽനിന്നും ലൈസൻസ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ നീര ഉൽപ്പാദനത്തിനായുള്ള ലൈസൻസിന് 12 നാളികേര ഉൽപ്പാദക ഫെഡറേഷനുകളുടെ അപേക്ഷ ലഭിച്ചിട്ടുണ്ട്. താഴെപ്പറയുന്ന നാളികേര ഉൽപ്പാദക ഫെഡറേഷനുകളുടെ അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത് :

1. എടത്തനാട്ടുകര നാളികേര ഉൽപ്പാദക ഫെഡറേഷൻ
2. കാരകുറുശ്ശി നാളികേര ഉൽപ്പാദക ഫെഡറേഷൻ
3. നല്ലേപ്പുള്ളി നാളികേര ഉൽപ്പാദക ഫെഡറേഷൻ
4. കാഞ്ഞിരപ്പുഴ നാളികേര ഉൽപ്പാദക ഫെഡറേഷൻ
5. കൊഴിഞ്ഞാമ്പാറ നാളികേര ഉൽപ്പാദക ഫെഡറേഷൻ
6. പെരുമാട്ടി നാളികേര ഉൽപ്പാദക ഫെഡറേഷൻ
7. തെങ്കര നാളികേര ഉൽപ്പാദക ഫെഡറേഷൻ
8. ശ്രീകൃഷ്ണപുരം നാളികേര ഉൽപ്പാദക ഫെഡറേഷൻ
9. എരിമയൂർ നാളികേര ഉൽപ്പാദക ഫെഡറേഷൻ
10. മുതലമട നാളികേര ഉൽപ്പാദക ഫെഡറേഷൻ
11. മുതലമട നാളികേര ഉൽപ്പാദക ഫെഡറേഷൻ
12. കിഴക്കഞ്ചേരി നാളികേര ഉൽപ്പാദക ഫെഡറേഷൻ

LIBRARY ARCHIVES Kerala Legislative Assembly

(ബി) ദി കേരള സ്പിറ്റ് റ്റോഡി (നീര) റൂൾസ് 2014 പ്രകാരം ബോണഫൈഡ് ജാഗറി ഉൽപ്പാദകർ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ്, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ, കേരള കാർഷിക സർവ്വകലാശാല, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവർക്ക് നീര ഉൽപ്പാദനത്തിനും വിപണനത്തിനും അനുമതി നൽകിയിട്ടുണ്ട്. അതാത് ജില്ലകളിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരാണ് നീര ലൈസൻസ് നൽകുന്നത്. ഓരോ സാമ്പത്തിക വർഷവും സർക്കാർ തീരുമാനിക്കുന്ന വ്യവസ്ഥകൾ പ്രകാരം ഓരോ ജില്ലയിലും എത്ര യൂണിറ്റുകൾക്ക് ലൈസൻസ് നൽകണമെന്നത് സംബന്ധിച്ച് എക്സൈസ് കമ്മീഷണറാണ് തീരുമാനമെടുക്കേണ്ടത്. അതാത് സാമ്പത്തിക വർഷം ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയാണ് ലൈസൻസ് നൽകുന്നത്. കള്ളുഷാപ്പുകളിൽ നീര വിപണനം നടത്താൻ പാടില്ല. നീര ലൈസൻസ് അബ്കാരി ആക്ട് പ്രകാരം നിയന്ത്രിച്ചിട്ടുള്ളതിനാൽ നീര ലൈസൻസ് ലഭിച്ചിട്ടുള്ള വ്യക്തി ലൈസൻസ് നിബന്ധനകൾ ലംഘിക്കുന്ന പക്ഷം അബ്കാരി ആക്ട് അനുശാസിക്കുംവിധമുള്ള ശിക്ഷണ നടപടികൾക്ക് വിധേയമാകുന്നതാണ്. നീര ലൈസൻസിന് അപേക്ഷിക്കുന്ന വ്യക്തി റ്റോഡി വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിൽ ക്ഷേമനിധി വിഹിതം ഒടുക്കിയ സർട്ടിഫിക്കറ്റ് ലഭ്യമാക്കണം. നീര ലൈസൻസിനുള്ള അപേക്ഷ ഫോം നമ്പർ 1-ൽ അതാത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് സമർപ്പിക്കേണ്ടതും ആയത് നിയമാനുസൃതമായി പരിശോധിച്ചശേഷം ടി ഉദ്യോഗസ്ഥൻ ഫോം നമ്പർ 2-ൽ ലൈസൻസ് അനുവദിക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ അപേക്ഷ നിരസിക്കുന്നപക്ഷം ഇതിനുള്ള കാരണം അപേക്ഷകനെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിക്കേണ്ടതാണ്. നീര ചെത്തുന്നതിനുള്ള തെങ്ങുകൾ മാർക്ക് ചെയ്യുന്നതിനുള്ള അധികാരം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരിൽ നിക്ഷിപ്തമാണ്. നീര ചെത്തുന്നതിന് കേരള റ്റോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ അംഗങ്ങളായവരെ നിയോഗിക്കേണ്ടതും ഇത്തരത്തിലുള്ളവർ ഇല്ലാത്തപക്ഷം പരിശീലനം നേടിയ നീര ടെക്നീഷ്യന്മാരെ നിയോഗിക്കേണ്ടതുമാണ്. നീര ചെത്തുന്ന തെങ്ങുകളെ ടീ ടാക്സിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഒരു അപേക്ഷകന് ഒരു നീര ലൈസൻസ് മാത്രം അനുവദിക്കുന്നതും ഒരു ലൈസൻസിക്ക് സൗകര്യപ്രദമാകുംവിധം പരമാവധി ചെത്താവുന്ന വൃക്ഷങ്ങളുടെ എണ്ണം 20 തെങ്ങുകളോ 20 പനയോ 10 ചൂണ്ട പനയോ ആയിരിക്കണമെന്നും നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ ഓരോ വർഷം അനുവദിച്ച മാർക്ക് ചെയ്ത വൃക്ഷങ്ങളിൽനിന്നും മാത്രമേ നീര ചെത്തുവാൻ പാടുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly